## (33.) കൊക്കാത്തോട് സെന്റ് ബെനഡിക്റ്റ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

കിഴക്കൻ മലയോര ഗ്രാമമായ കൊക്കാത്തോട്ടിൽ കുടിയേറ്റക്കാലത്ത് ക്രിസ്തീയ വിശ്വാസികളുടെ സമൂഹം ഒരു ആരാധനാലയം വേണമെന്ന് ആഗ്രഹിക്കുകയും താത്പര്യപൂർവം പ്രയത്നിക്കുകയും ചെയ്തതിന്റെ ഫലമായി 1950-53 കാലത്ത് ഒരു താത്കാലിക ചാപ്പൽ നിർമ്മിക്കുകയും ബഹു.ഫാ. സിറിയക് മണവാളൻ ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. തുടർന്നുള്ള നാളുകളിൽ വിശ്വാസി സമൂഹത്തിന്റെ പ്രാർത്ഥനയുടേയും കഠിനാധ്വാനത്തിന്റേയും ഫലമായി 1958-ൽ ബഹുമാന്യനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് ദേവാലയത്തിന് തറക്കല്ലിടുകയും ബഹു. വർഗീസ് വട്ടശ്ശേരിൽ അച്ചന്റെ നേതൃത്വത്തിൽ പണിയുകയും ചെയ്തു. ബഹുമാന്യരായ വൈദികരുടെ ശുശ്രൂഷകൾ വിശ്വാസ സമൂഹത്തിന് അനുഗ്രഹവും കരുത്തുമായി കഴിഞ്ഞിരുന്ന കാലത്ത് ഫാ. ശമുവേൽ ശങ്കരത്തിൽ ശുശ്രൂഷകൾക്കായി കൊക്കാത്തോട്ടിലേക്ക് കടന്നുവരുകയും ഇടവകാംഗങ്ങൾ താമസിക്കുന്ന സമീപപ്രദേശങ്ങളായ കൊക്കാത്തോട് ജംഗ്ഷൻ, അപ്പൂപ്പൻതോട്, അരഏക്കർ മുത്തുമല, ഒരേക്കർ, എന്നി കുരിശടികൾ സ്ഥാപിച്ച് വിശ്വാസികൾക്ക് പ്രാർത്ഥക്കനുള്ള അവസരം ഒരുക്കുകയും ചെയ്തു. തുടർന്നുള്ള ബഹു.വൈദികരുടെ ശുശ്രൂഷകാലത്ത മാതൃദേവാലയത്തോട് ചേർന്ന് സണ്ടേസ്കൂൾ മന്ദിരം, പള്ളിമേട, കുരിശടികളുടെ നവീകരണം, ദേവാലയം പുതുക്കിപണിയൽ തുടങ്ങിയ കാര്യങ്ങൾ രൂപത നേരട്ടും ഇടവകാംഗങ്ങളുടെ സഹായത്തോടും സഹകരണത്തോടും ചെയ്യുവാൻ കഴിഞ്ഞു. ഇടവകയയിൽ ഇതുവരെ ഇരുപതിൽപരം വൈദികർ സേവനം ചെയ്തിട്ടുണ്ട്. പത്തനംതിട്ട രൂപതാ രൂപീകരണത്തിനുശേഷം ബഹുമാന്യരായ രൂപതാദ്ധ്യക്ഷന്മാർ ഇടവകയിൽ സന്ദർശനം നടത്തി ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ഇടവകാംഗങ്ങളുമായി ആശയവിനിമയം നടത്തുകയും ചെയ്തിട്ടുണ്ട്. 2013 മുതൽ ഇടവക മദ്ധ്യസ്ഥനായ ബെനഡിക്റ്റ് പിതാവിന്റെ തിരുനാൾ ജൂലൈമാസത്തിൽ നടത്തിവരുന്നു. ഇടവകയിൽ സൺഡേസ്കൂൾ, എം.സി.വൈ.എം., എം.സി.സി.എൽ., എം.സി.എ., മാതൃസമാജം, വിൻസന്റ് ഡി പോൾ സൊസൈറ്റി തുടങ്ങിയ ഭക്തസംഘടനകൾ സജീവമായി പ്രവർത്തിച്ചുവരുന്നു. ഇടവകയിൽ ശുശ്രൂഷ ചെയ്ത് മരണം മൂലം വേർപെട്ടുപോയ ബഹുമാന്യരായ വൈദികരുടേയും ഇടവകാംഗങ്ങളുടേയും ആത്മാവിന് നിത്യ ശാന്തി നേരുന്നു.

ഇടവക സ്ഥാപന ദിനം - 21 മാർച്ച് 1958

ഇടവക മദ്ധ്യസ്ഥൻ - സെന്റ് ബെനഡിക്റ്റ്

ഇടവക സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രത്യേകം എടുത്ത് പറയേണ്ട വ്യക്തികൾ- പരേതനായ ഏബ്രഹാം മാമൂട്ടിൽ, കിടങ്ങിൽ ജോർജ്ജ്, ജോർജ്ജ് കൊച്ചാപ്പൂ, ബേബി മത്തായി ആലപ്പാട്ട്

ഇടവകയിൽ സേവനം ചെയ്ത വൈദികർ

1. ഫാ. സിറിയക് മണവാളൻ - 1958
2. ഫാ. കുര്യൻ ഇലഞ്ഞിമറ്റം - 1959-1961
3. ഫാ. വർഗീസ് വടശ്ശേരിൽ - 1961
4. ഫാ. കുര്യൻ ഇലഞ്ഞിമറ്റം - 1962-1964
5. ഫാ. ഡാമിയൻ ഒ.ഐ.സി. - 1964-1965
6. ഫാ. വർഗീസ് വടശ്ശേരിൽ - 1966-1968
7. ഫാ. കുര്യൻ ഇലഞ്ഞിമറ്റം - 1968-1969
8. ഫാ. തോമസ് ചിറയത്ത് - 1970

9. ഫാ. വർഗീസ് വടശ്ശേരിൽ - 1970 - 1975

10. ഫാ. ജോർജ്ജ് കുറ്റിയിൽ - 1970 - 1972

11. ഫാ. ശമുവേൽ ശങ്കരത്തിൽ - 1975 - 1986

12. ഫാ. അലക്സാണ്ടർ കോയിക്കലേത്ത് - 1986 - 1987

13. ഫാ. മാത്യു കാലായിൽ - 1988 - 1992

14. ഫാ. മാത്യു മാടപ്പള്ളിൽ - 1992 - 1997

15. ഫാ. ജോസഫ് തടത്തിൽ - 1997

16. ഫാ. ഗീവർഗീസ് ചരുവിള - 1998

17. ഫാ. വർഗീസ് നടുതല - 1999 - 2006

18. ഫാ. ആന്റണി വയലുംകരോട്ട് - 2006 - 2009

19. ഫാ. മാർട്ടിൻ ജോസഫ് പുത്തൻവീട്ടിൽ - 2010 - 2013

20. ഫാ. മാത്യു പേഴുംമൂട്ടിൽ - 2014 - 2015

21. ഫാ. റോബിൻ കലതിവിളയിൽ - 2015 - 2018

22. ഫാ. ജോസഫ് എരുത്തിൽവിളയിൽ - 2018 - 2019

23. ഫാ. ജിനു ജോൺ കൂടത്തിനാൽ - 2020

ഇടവകയിലെ ആകെ കുടുംബങ്ങൾ - 73

ഇടവകയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ - ഇല്ല

ഇടവകയിൽ നിന്നുള്ള ദൈവവിളികൾ -

1. ഫാ. ജോസഫ് തുണ്ടിയൂഴത്തിൽ

2. സി. അനുപമ മോടിയിൽ

3. സി. മെർലിറ്റ് മരിയ പൂവത്തുംതറയിൽ

4. സി. മേഴ്സി മരുതിമൂട്ടിൽ

5. ബ്ര. മാത്യു പേഴുംമൂട്ടിൽ

അടവകയുമായി ബന്ധപ്പെട്ട സുപ്രധാന മറ്റു ദിനങ്ങൾ -

ഇടവക മദ്ധ്യസ്ഥന്റെ തിരുനാൾ - ജൂലൈ

വി.ഗീവർഗീസ്സ് സഹദായുടെ തിരുനാൾ - മെയ്